(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പി.എസ്.സി. വഴിയുള്ള നിയമനത്തിന് നിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് പുതിയ നിയമനങ്ങൾ നടത്തുന്നതിന് വകുപ്പ് സെക്രട്ടറി തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നുവോ;

(ഡി) എങ്കിൽ ഈ സമിതിയുടെ അനുമതിക്കായി ഇതിനകം വിവിധ ഡിപ്പാർട്ടുമെന്റുകളിലായി എത്ര ഫയലുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ ഏർപ്പെടുത്തിയ നിയമന നിരോധനം പിൻവലിച്ചിട്ടും പി.എസ്.സി. നിയമനത്തിനായി സെക്രട്ടറിതല സമിതിക്ക് സമർപ്പിച്ച ഫയലുകളിൽ തീരുമാനമെടുക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിയമന നിരോധനം പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി തല സമിതിയുടെ അനുമതി വേണ്ടെന്നു വയ്ക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) 19-11-2003-ലെ സ.ഉ.(പി) നം. 34/03/ഉഭപവ. പ്രകാരം, പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് ഏർപ്പെടുത്തിയിരുന്ന നിരോധനം 1-12-2003 മുതൽ പിൻവലിക്കുകയും, 1-12-2003 മുതൽ വകുപ്പുകളിലുള്ള എല്ലാ ഒഴിവുകളും ശ്രദ്ധാപൂർവ്വം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പദ്ധ്യക്ഷന്മാർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഇക്കാര്യത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) 19-11-2003-ന് ശേഷം സെക്രട്ടറിതല സമിതിയുടെ അനുമതി ആവശ്യമില്ല.

നിർത്തലാക്കിയ തസ്തികകൾ

15 [723] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്;

(ബി) ഇവ വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (പി) നം. 34/03/ഉഭപവ. 19-11-2003 പ്രകാരം വിവിധ വകുപ്പുകളിലായി 3,570 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) വിശദ വിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly